**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- രാമനാട്ടുകര നഗരസഭയിൽ എൽ.ഡി ടൈപ്പിസ്റ്റായ ശ്രീമതി. ജെസ്ന. പി- ആകാശവാണിയിൽ കാഷ്വൽ അനൗൺസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 526/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 05.03.2019

പരാമർശം : 1. 06/05/1991 തീയതിയിലെ സ.ഉ.(പി) 17/1991/ഉഭപവ നമ്പർ ഉത്തരവ്.
2. 03/07/2002 തീയതിയിലെ സ.ഉ.(പി) 33/2002/ഉഭപവ നമ്പർ ഉത്തരവ്.
3. ശ്രീമതി. ജെസ്ന. പി സമർപ്പിച്ച 05.11.2018 തീയതിയിലെ അപേക്ഷ.
4. നഗരകാര്യ ഡയറക്ടറുടെ 28.12.2018 തിയതിയിലെ ഇ 6- 25289/18 നമ്പർ കത്ത്.

**ഉത്തരവ്**

രാമനാട്ടുകര നഗരസഭയിൽ എൽ.ഡി ടൈപ്പിസ്റ്റായ ശ്രീമതി. ജെസ്ന. പി- ക്ക്, അവധി ദിവസങ്ങളിൽ, ജോലിക്ക് തടസ്സം വരാത്ത രീതിയിൽ ആകാശവാണിനിലയത്തിൽ കാഷ്വൽ അനൗൺസറായി സേവനമനുഷ്ഠിക്കുന്നതിന് പരാമർശം 2 ലെ ഉത്തരവിന്റെയടിസ്ഥാനത്തിൽ അനുമതി നൽകുന്നതിലേക്കായി ടിയാൾ നഗരസഭാസെക്രട്ടറി മുഖേന സമർപ്പിച്ച അപേക്ഷ പരാമർശം 4 കത്ത് പ്രകാരം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം കേരള ഗവൺമെന്റ് സർവന്റ്സ് കോൺഡക്ട് റൂൾസിന്റെ(Kerala Government Servants Conduct Rules) ചട്ടം 48 ന്റെ നിബന്ധനകൾക്കും, സൂചന 1,2 ഉത്തരവുകളിലെ വ്യവസ്ഥകൾക്കും വിധേയമായി. രാമനാട്ടുകര നഗരസഭയിൽ എൽ.ഡി ടൈപ്പിസ്റ്റായി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി. ജെസ്ന പി- എന്ന ജീവനക്കാരിക്ക്, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സം വരാത്തവിധം ആകാശവാണിയിൽ കാഷ്വൽ അനൗൺസറായി സേവനമനുഷ്ഠിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീമതി. ജെസ്ന. പി, എൽ.ഡി ടൈപ്പിസ്റ്റ്, രാമനാട്ടുകര നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ